ആട്, പന്നി, മറ്റ് കാർഷികവിളകൾ എന്നിവയുടെ വിലയിലേയ്ക്കും, കൂട് നിർമ്മാണത്തിനും സബ്സിഡി നല്കുന്നു. കൂടാതെ കൂൺ, മത്സ്യം, വെറ്റില, പൂക്കൃഷി തുടങ്ങിയവയുടെ വികസനത്തിനുതകുന്ന പദ്ധതികളും കാഡയുടെ കൃഷിവിഭാഗം നടപ്പിലാക്കുന്നുണ്ട്. ഭൂഗർഭജല വികസന പദ്ധതിയുമായി ബന്ധപ്പെട്ട കിണർ കുഴിക്കൽ, പമ്പ്സെറ്റ് വാങ്ങൽ തുടങ്ങിയവയും ഭൂമി നിരപ്പാക്കൽ, തിട്ടകെട്ടൽ തുടങ്ങിയ മണ്ണ് സംരക്ഷണ ജോലികൾക്കും ബാങ്ക് വഴി സബ്സിഡികൾ ബന്ധപ്പെട്ട കർഷക സമിതികൾക്ക് നൽകിവരുന്നു.

സമഗ്ര തൊഴിൽ നയം

57(960) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു 'സമഗ്ര തൊഴിൽ നയം' ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ 'സമഗ്ര തൊഴിൽ നയം' ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു സമഗ്ര തൊഴിൽ നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് പ്രമുഖ വ്യവസായികളും തൊഴിലാളി യൂണിയൻ പ്രതിനിധികളും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ റിലേഷൻ ബോർഡ് 11-6-1999-ൽ കൂടുകയും ഒരു തൊഴിൽ നയം രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയും ഇതിന്റെ ഒരു കരട് രൂപം തയ്യാറാക്കി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയ ശേഷം ഒരു സമഗ്ര തൊഴിൽനയം രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഉദിക്കുന്നില്ല.

സിനിമാ വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി

58(961) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ എത്ര തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ക്ഷേമനിധി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly